# KERALA KAUMUDI - 05-09-2024

# മത്സ്യബന്ധന സാമഗ്രികളുടെ വിതരണം

കൊച്ചി: കേന്ദ്ര മത്സ്യസാങ്കേതിക ഗവേഷണസ്ഥാപനം (സിഫ്റ്റ്) ചെല്ലാനം, കണ്ടക്കടവ് മത്സ്യത്തൊഴിലാളിക്ഷേമവികസനസഹകരണസംഘത്തിന്റെ സഹകരണത്തോടെ കേന്ദ്രസർക്കാരിന്റെ പട്ടികജാതി വിഭാഗങ്ങൾക്കായുള്ള പദ്ധതിക്ക് കീഴിൽ മത്സ്യബന്ധന സാമഗ്രികൾ വിതരണം ചെയ്തു.

ഫൈബർ റീഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക് വള്ളം, ഔട്ട്ബോർഡ് എൻജിനുകൾ, കോരുവലകൾ, വലകൾക്ക് ആവശ്യമായ സാധനങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ തുടങ്ങിയവയാണ് വിതരണം ചെയ്തത്. ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്തു. സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ അദ്ധ്യക്ഷത വഹിച്ചു.

ഡോ.എം.പി. രമേശൻ, ഡോ. നികിത ഗോപാൽ, സീനിയർ സയന്റിസ്റ്റ് ഡോ. മഞ്ജുലക്ഷ്മി, മത്സ്യത്തൊഴിലാളിക്ഷേമ വികസന സഹകരണസംഘം പ്രസിഡന്റ് പി.വി. വിൽസൺ, വി.എസ്. പൊടിയൻ, ടി.വി. ഷിജിതയ്യിൽ, ഷിംലജോസി, ഓമന ബെർളി, കെ.ആർ. വിൻസെന്റ്, എ.എക്സ്. ജോസഫ്, ഷൈനി പീറ്റർ എന്നിവർ സംസാരിച്ചു.




സിഫ്റ്റ് സംഘടിപ്പിച്ച മത്സ്യബന്ധന സാമഗ്രികളുടെ വിതരണം ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്യുന്നു